
# വെറും രാഷ്ട്രീയ മുതലെടുപ്പ്



**രാം പുനിയാനി**
**(മനുഷ്യാവകാശ പ്രവർത്തകൻ, മുംബൈ)**

**പാർലമെന്റ്** പുതിയ ഭീകരവിരുദ്ധ നിയമം പാസ്സാക്കിയെടുക്കുമ്പോൾ, ഒരു പാർട്ടിക്കും അതിനെതിരെ ശബ്ദമുയർത്താൻ കഴിയാത്തത്ര സ്ഫോടനാത്മകമായിരുന്നു അന്തരീക്ഷം. പുതിയ നിയമം കൊണ്ടുവന്നാൽ തന്നെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന ധാരണ സൃഷ്ടിക്കപ്പെട്ടു. യഥാർഥത്തിൽ ഭീകരത ഒരു ആഭ്യന്തര ക്രമസമാധാന പ്രശ്നമല്ല. അമേരിക്ക പാകിസ്താനിൽ അൽഖാഇദയുടെ കേന്ദ്രങ്ങൾ തുടങ്ങിയപ്പോഴേ ഭീകരതക്ക് തുടക്കം കുറിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഇത്തരം നിരവധി കേന്ദ്രങ്ങൾ അവർ ലോകത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങി. ആ കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ യുദ്ധത്തിനിറങ്ങിയിരിക്കുകയാണ് ഇപ്പോൾ അതേ അമേരിക്ക.

അധിനിവേശം നടത്തി എണ്ണസമ്പത്ത് കൈപിടിയിലൊതുക്കുക തുടങ്ങിയ നിരവധി ലക്ഷ്യങ്ങൾ ഈ യുദ്ധത്തിനു പിന്നിലുണ്ട്. ഈ കുതന്ത്രങ്ങൾ തിരിച്ചറിയാൻ നമുക്ക് കഴിയണം. സി.ഐ.എ, മൊസാദ്, പാകിസ്താനിലെ ഐ.എസ്.ഐ എന്നീ രഹസ്യാന്വേഷണ വിഭാഗങ്ങളൊക്കെ പരസ്പരം കണ്ണിചേർന്നാണോ പ്രവർത്തിക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത ലഭിക്കാതെ കുറെ നിയമങ്ങൾ പടച്ചതുകൊണ്ട് കാര്യമില്ല.

ജനരോഷം തണുപ്പിക്കാൻ പെട്ടെന്ന് ഒരു ഭീകരവിരുദ്ധ നിയമം കൊണ്ടുവരികയായിരുന്നു കേന്ദ്രഗവൺമെന്റ്. എന്തെങ്കിലുമൊക്കെ ചെയ്തു എന്ന് അവർക്ക് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു. പോട്ടയെയും ടാഡയെയും പോലെ ഈ നിയമവും ദുരുപയോഗപ്പെടുത്തുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. കോൺഗ്രസ്സിന്റെ രാഷ്ട്രീയ മുതലെടുപ്പും കാണാതിരുന്നുകൂടാ. തെരഞ്ഞെടുപ്പ് വേളയിൽ ഇത് പറഞ്ഞ് ബി.ജെ.പി നന്നായി ബഹളം കൂട്ടുമെന്ന് അവർ കണക്കുകൂട്ടി. അത് മുൻകൂട്ടി കണ്ടാണ് പുതിയ നിയമനിർമാണം. നിയമം നടപ്പാക്കേണ്ട ഏജൻസികളുടെ ഘടനയിലോ പ്രവർത്തന രീതികളിലോ ഒരു മാറ്റവും വരുത്തിയിട്ടില്ല. പിന്നെ എങ്ങനെ ദുരുപയോഗം ചെയ്യപ്പെടില്ലെന്ന് ഉറപ്പിക്കും? എന്നല്ല, അതിനുള്ള സാധ്യത മുമ്പത്തേക്കാൾ കൂടുതലാണ് എന്നാണ് എന്റെ അഭിപ്രായം.

മുംബൈ ആക്രമണമാണ് പുതിയ നിയമം കൊണ്ടുവരാൻ പശ്ചാത്തലമൊരുക്കിയത്. ആക്രമണത്തെക്കുറിച്ച് ഒരുപാട് ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങൾ ബാക്കിയാണ്. ഹേമന്ദ് കർക്കരെയുടെ വധമുൾപ്പെടെയുള്ള കാര്യങ്ങൾ. അതൊക്കെ വളരെപ്പെട്ടെന്ന് ഒതുക്കപ്പെടുകയായിരുന്നു. മുംബൈ ആക്രമണത്തെക്കുറിച്ച് ഒരു നിഷ്പക്ഷ സമിതി അന്വേഷിക്കട്ടെ. എങ്കിലേ ജനങ്ങൾക്ക് തൃപ്തികരമായ ഉത്തരം കിട്ടൂ. ഇതു സംബന്ധമായ കാര്യങ്ങൾ ഇന്ത്യ അമേരിക്കയുടെ മുന്നിൽ അവതരിപ്പിക്കുന്നതിന് പകരം, യു.എൻ രക്ഷാസമിതിയിൽ അവതരിപ്പിക്കട്ടെ. ഒരുകാലത്ത് ഭീകരന്മാരെ പോറ്റിവളർത്തിയ അമേരിക്ക ഇന്ന് ഭീകരതക്കെതിരെ യുദ്ധത്തിനിറങ്ങുമ്പോൾ നമുക്കൊരു സംശയവും തോന്നാതിരിക്കുന്നത് എന്തുകൊണ്ടാണ്? ■